Santhigiri

ഗുരുവാണി

" ചെറിയ ചെറിയ കർമ്മങ്ങൾ നമ്മളെക്കൊണ്ട് ചെയ്യിപ്പിച്ചിട്ട് വലിയ വലിയ ഫലം തരികയാണ് ഈശ്വരൻ".

# ഉമ്മിണിതങ്കം

VOL 03 | ISSUE 27 | 2017 ജൂലൈ 09 | 1192 മിഥുനം 25

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ




ഗ്രീൻ പ്രോട്ടോകോൾ ഹൈ പവർ കമ്മിറ്റി യോഗം

# സ്പിരിച്വൽ സോണിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നു

**സ്പിരിചൽ സോൺ :** പ്രകൃതിയിലേക്ക് മടങ്ങുക എന്ന സന്ദേശം ഉയർത്തി ആശ്രമം സ്പിരിചൽ സോണിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നു. ജൂലൈ 3 ന് ചേർന്ന പ്രകൃതിനീതി ഗ്രീൻ പ്രോട്ടോക്കോൾ ഹൈപവർ കമ്മറ്റിയാണ് ഈ തീരുമാനം കൈക്കൊണ്ടത്. ആശ്രമം ജോയിന്റ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാന തപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മറ്റിയിൽ ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാന തപസ്വി, ആദരണീയ ജനനി പ്രാർത്ഥന ജ്ഞാന തപസ്വിനി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി മറ്റംഗങ്ങൾ എന്നിവർ സംബന്ധിച്ചു. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക്കിന്റെ ഉപയോഗം സ്പിരിചൽ സോണിൽ പരമാവധി കുറയ്ക്കാൻ തീരുമാനിച്ചു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ പൂർണമായും ഒഴിവാക്കും. പ്ലാസ്റ്റിക് കുടിവെള്ള കുപ്പികൾ കൊണ്ടുവരുന്നത് ഒഴിവാക്കി ആശ്രമത്തിലെ കുടിവെള്ള സംഭരണി പരമാവധി ഉപയോഗിക്കണം. ഫ്ളക്സ് ബോർഡുകൾ ഘട്ടംഘട്ടമായി ഒഴിവാക്കും.



ഗ്രീൻ പ്രോട്ടോകോൾ ഡിപ്പാർട്ടുമെന്റുതല മീറ്റിംങ്

തട്ടം സമർപ്പണത്തിനായി കൊണ്ടുവരുന്ന വസ്തുക്കളിൽ കഴിവതും പ്ലാസ്റ്റിക് ഒഴിവാക്കുക. തീർത്ഥം വാങ്ങുന്നതിന് സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ മാത്രമായിരിക്കും ദിവസേന ശേഖരിക്കുക. കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക്കുകൾ ആഴ്ചയിൽ ഒരിക്കൽ ശേഖരിക്കും. ഗ്രീൻ പ്രോട്ടോക്കോൾ അവബോധം നൽകുന്നതിനായി സ്പിരിചൽ സോണിന്റെ വിവിധ ഭാഗങ്ങളിൽ ബോർഡുകൾ സ്ഥാപിക്കും. പ്രാർത്ഥനായോഗങ്ങളിൽ ഡിസ്പോസിബിൾ ഗ്ലാസ് പ്ലേറ്റ് തുടങ്ങിയവ ഒഴിവാക്കും. സ്പിരിചൽ സോൺ കോഡിനേഷൻ ചുമതലക്കാരായ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് സ്റ്റാഫംഗങ്ങൾക്ക് ജൂലൈ 5ന് ഇതുസംബന്ധിച്ച ബോധവൽക്കരണം നൽകി. ജൂലൈ 7 ന് വിവിധ ഡിപ്പാർട്ട്മെന്റ് ഡിവിഷൻ യൂണിറ്റ് ചുമതലക്കാരെ വിളിച്ച് പ്രകൃതിനീതി ഗ്രീൻ പ്രോട്ടോക്കോൾ ഹൈപവർ കമ്മറ്റിയുടെ തീരുമാനങ്ങൾ അറിയിച്ചു.

# ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സെമിനാർ ശ്രദ്ധേയമായി

**സുൽത്താൻ ബത്തേരി :** പ്രകൃതിയെ സ്നേഹിച്ച് പ്രകൃതിക്കനുസരിച്ച് ജീവിക്കുന്ന നിഷ്ക്കളങ്കരായ ഒരു ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തേത് അനിവാര്യമാണെന്ന് ഐ.സി.പി.ആർ. ചെയർമാൻ ഡോ. എസ്.ആർ. ഭട്ട് അഭിപ്രായപ്പെട്ടു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനും, മലബാർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ ബത്തേരിയിൽ വെച്ച് നടത്തിയ ത്രിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മോഡേണിസവും വന, മൃഗസംരക്ഷണ നിയമങ്ങളും, കാടുകളിൽ കുടിൽ കെട്ടി താമസിച്ചിരുന്ന കാടിന്റെ മക്കളും, വയനാടിന്റെ മക്കളുമായ ആദിവാസികളുടെ ജീവിതത്തെ തകിടം മറിച്ചിരിക്കുകയാണ്. അവരുടെ സംസ്കാരവുമായി യോജിച്ചു പോകത്തക്ക രീതിയിലുള്ള വികസനപ്രവർത്തനത്തിലൂടെ മാത്രമെ ആദിവാസി സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. കെ.കെ.എൻ. കുറുപ്പ് അധ്യക്ഷത വഹിച്ചു. മലങ്കര കത്തോലിക്ക സഭ ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ്, ശാന്തിഗിരി ആശ്രമം വയനാട് ഏരിയ ഓഫീസ് ഇൻചാർജ്ജ് ആദരണീയ സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി.




ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സെമിനാർ ഉദ്ഘാടനം

ഭോപ്പാൽ യൂണിവേഴ്സിററി സോഷ്യോളജി വിഭാഗം പ്രൊഫ. എസ്.എൻ. ചൗധരി, ദേശീയ നാളികേര വികസന വൈസ് ചെയർമാൻ പി.സി. മോഹനൻ മാസ്റ്റർ, ജില്ല പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സസൺ എ. ദേവകി, അണുപരീക്ഷണ ശാസ്ത്രജ്ഞൻ ഡോ. അലക്സ് ഹെൻകെ, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ പ്രൊഫ. ഡോ. വി. ബാലകൃഷ്ണൻ, ഡൽഹി മാക്സ് ഹോസ്പിറ്റലിലെ ഡോ. രാജീവ് ഭട്ട്, ഡൽഹി യൂണിവേഴ്സിറ്റി പ്രൊഫ. സുധീർ സിംഗ്, ആത്മീയ ഗവേഷക ഡോ. രശ്മി ഷെക്താർ, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഗവേഷകരായ പ്രൊഫ. ഡോ. കെ. ഗോപിനാഥൻ പിള്ള, പ്രൊഫ. കെ. രാജശേഖരൻ നായർ എന്നിവർ പ്രഭാഷണം നടത്തി. ഉദ്ഘാടന സമ്മേളനത്തിനും സെമിനാറിനും മുമ്പായി ജില്ലയിലെ ആദിവാസി സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലെ പ്രതിനിധികളുമായി ചർച്ച നടത്തി. കൂടാതെ പ്രൊഫ. എസ്. ആർ ഭട്ടിന്റെ നേതൃത്വത്തിൽ ആദിവാസി കോളനികൾ നേരിട്ട് സന്ദർശിച്ച് അവരുടെ ജീവിത രീതിയും സംസ്കാരവും നിലവിലുള്ള അവരുടെ പ്രശ്നങ്ങളും ചോദിച്ചറിയുകയുമുണ്ടായി. ജില്ലയിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് രേഖാമൂലം കേന്ദ്ര - കേരള സർക്കാരുകളെ അറിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

മനുഷ്യനെന്നുള്ള നിലയിൽ എന്തായിരിക്കണം വിശ്വാസം? സിദ്ധിയും അതുപോലെ കൈയടക്കവേലകൾ പലതുമുണ്ട്. ഇതിലൊന്നും വിശ്വസിക്കുന്നത് ഈശ്വരവിശ്വാസമേയല്ല. ദൈവം നമ്മുടെ മുമ്പിൽ സിദ്ധി കാണിക്കുകയാണോ വേണ്ടത്? ഒരുവൻ വിളിച്ചപേക്ഷിച്ചയുടൻ അവനു കാശുണ്ടായി അവനെയങ്ങു തുലച്ചുകളയുകയാണോ ദൈവം ചെയ്യേണ്ടത്? ഇതുപോലെ നമുക്ക് ഓരോന്നെടുക്കാം. നമ്മുടെ സ്ത്രീകളുടെ ഗുണം നമ്മളിൽത്തന്നെയാണിരിക്കുന്നത്. ആ വഴിക്കു നോക്കിയാൽ അച്ഛൻ, അമ്മ, മക്കൾ അങ്ങനെ സകലതും നമ്മളിൽത്തന്നെ. ഓരോരുത്തരും വിശ്വാസത്തിൽ ഉപാധിക്കുപാധി തേടിപ്പോവുകയാണ്. ഇതെങ്ങനെ നാം മാറ്റം ചെയ്യും? ഈ കർമത്തിൽ നമ്മളെങ്ങനെ സത്യത്തെപ്പിടിച്ചു നിൽക്കും? അനുഭവത്തിൽപ്പെടുത്തി കാണാൻ കഴിയുന്ന നമുക്ക് അതെന്താണെന്നറിയാം. മഹാത്മാക്കളെ തെളിവായി എടുത്താൽ നിങ്ങൾക്ക് ഒരു ചെറിയ കാര്യം ബോധ്യപ്പെടും. മഹാത്മജി തന്നെ ഉദാഹരണം. രാഷ്ട്രബോധം വരുത്താൻ ശ്രമിച്ച മഹാത്മജിക്ക് എന്തു സംഭവിച്ചു? അങ്ങനെയങ്ങ് രാഷ്ട്രബോധം വരുത്താൻ കഴിയില്ല. എന്തുകൊണ്ട്? ഇതിനൊരു വ്യാവസായികബന്ധം പിന്നിലുണ്ടോ എന്നു കാണാത്തിടത്തോളം കാലം ആ രാഷ്ട്രബോധം അപര്യാപ്തമാണ്.

നമ്മുടെ ഇടയിൽ ഒരാളിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ സ്ഥിതിവിശേഷത്തോട് മറ്റൊരാളിനു പൊരുത്തപ്പെടാൻ കഴിയാത്തവിധത്തിൽ ഗതിവിഗതികൾ നമ്മുടെ ഉള്ളിലും പുറത്തുമായിട്ടു സഞ്ചരിച്ചു നശിച്ചു കഴിയുന്ന നമുക്ക് എന്തു ചെയ്യാൻ കഴിയും? ഒന്നും ചെയ്യാൻ കഴിയില്ല. ഓരോ തരത്തിലുള്ള അറിവുകേടിന്റെ നടുവിൽനിന്നുകൊണ്ടു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിങ്ങൾ എങ്ങനെ സ്വയം തിരുത്തും? ഇതാണു നിങ്ങൾ ചിന്തിക്കേണ്ടത്. ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ - ഇത്രയും ബന്ധപ്പെടാതെ ഒരു വീട് നടത്താൻ കഴിയില്ലല്ലോ. ഈ മക്കളെ സൂക്ഷിക്കാൻ കഴിയില്ല എന്നൊരപകടമേഖല നമ്മോടൊപ്പമുണ്ടെന്നു നാമറിയണം. അച്ഛനും അമ്മയും വീട്ടിൽക്കാണിക്കുന്ന കോപ്രായങ്ങൾ എന്തുതന്നെയായാലും അതു മക്കൾ പകരും. ഈ സ്ഥിതിവിശേഷം അയൽപക്കവും ലോകവും മൊത്തവും പകർന്നു നിൽക്കുന്നു.

വിശ്വാസം രക്ഷിക്കും. വീണ്ടും എന്താണു വിശ്വാസം? എന്തെങ്കിലും കാഴ്ചദ്രവ്യങ്ങളോ നേർച്ചകളോ വിശ്വാസത്തിന്റെ പേരിൽ അർപ്പിച്ചാൽ അത് നമ്മുടെ ജീവനോട് ഒട്ടിയിരിക്കുന്ന, പുണ്യവും പാപവും കലർന്നിരിക്കുന്ന, കർമത്തിൽ നിൽക്കുന്ന ദോഷവശങ്ങളെ നീക്കാൻ പര്യാപ്തമാണോ? മന്ത്രോപാധിയോ തന്ത്രോപാധിയോ വിദ്യോപാധിയോ ഒന്നും നമ്മുടെ ജീവനോട് ഒക്കുന്നതല്ല. ഇത് തികച്ചും നമ്മൾ ജനിച്ചപ്പോൾ ഉണ്ടായ ഒരു ജനനഗുണം തന്നെയാണ് എന്നു നിങ്ങൾ മനസ്സിലാക്കണം. അതിനെ പൂർണമായും നമ്മൾ ഏറ്റെടുത്ത് പ്രവർത്തിക്കേണ്ടതുമാണ്. ഇതിന് അച്ഛനും അമ്മയും ഭർത്താവും ഭാര്യയും പറഞ്ഞിട്ടു കാര്യമൊന്നുമില്ല. ഇത് തികച്ചും ഉള്ളതുതന്നെയാണ്. പിന്നെ ഇതൊന്നും ചിന്തിക്കുന്നില്ല. അവർക്ക് വിദ്യയും ധനവും പ്രാപ്തിയുമൊക്കെ ഇല്ലേ? ഉണ്ട്.

## വചനദീപ്തി

**" ജീവിതത്തിന്റെ ആദ്യപകുതിയിൽ ജയിക്കാൻ ചുറുചുറുക്കും വിശ്വാസവും ഉത്സാഹവും വേണം. രണ്ടാം പകുതിയിൽ ജയിക്കാൻ ക്ഷമയും അച്ചടക്കവും അത്യാവശ്യമാണ്. "**

**അരിസ്റ്റോട്ടിൽ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂലൈ 09 മുതൽ ജൂലൈ 15 വരെ*

| | |
|---|---|
| **ഞായർ** | **- സ്നേഹപുരം** |
| **തിങ്കൾ** | **- കാഞ്ഞാംപാറ** |
| **ചൊവ്വ** | **- പോത്തൻകോട്** |
| **ബുധൻ** | **- പാലോട്ടുകോണം** |
| **വ്യാഴം** | **- ജ്യോതിപുരം** |
| **വെള്ളി** | **- ശാന്തിപുരം** |
| **ശനി** | **- കരുണപുരം** |

## യാമപ്രാർത്ഥന

*2017 ജൂൺ 29 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജ്യോതിപുരം**

**പ്രകാശപദം**

# പ്രത്യക്ഷാവഹം ധർമം

'ഞാൻ കാണുന്നത് ഈ അന്തരീക്ഷം മൊത്തം എന്റെ ഗുരുവിന്റെ ഒരൊറ്റ പ്രകാശരൂപമാണ്. ആ രൂപം കാണുമ്പോൾ ആ രൂപത്തിൽ നിന്ന് ഏതെല്ലാം പ്രകാശസ്വരൂപങ്ങൾ ഇറങ്ങിവരുന്നു? ഒരു വശത്തു നോക്കുമ്പോൾ ഗുരുവിന്റെ പൂർണ്ണകായത്തിലുള്ള സുസ്മേരവദനനായി ഗുരു തന്നെ തന്റെ ശിഷ്യനെ അണയ്ക്കുന്ന രംഗങ്ങൾ; അങ്ങനെ ഗുരു ഏതെല്ലാം ഭാവനയിലാണ് ഈ പ്രകൃതിയിൽ തന്റെ സ്വരൂപങ്ങൾ ഒരുക്കിനിർത്തിയിരിക്കുന്നതെന്ന് ഈ സൂക്ഷ്മരൂപികൾ കാണുന്നതിലപ്പുറം ഞാൻ കണ്ടിട്ടുണ്ട്. സൂക്ഷ്മരൂപികൾക്ക് കൊടുക്കേണ്ടത് കൊടുക്കാൻ ഗുരു പറയാതെ തന്നെ ആ പ്രകാശം തന്നെ പറഞ്ഞുതരികയും പഠിപ്പിക്കുകയും ചെയ്തു. അങ്ങനെ ഇതിനെ വിവേചിച്ചറിയുന്ന ഒരു രംഗം 'ആത്മാനാത്മനിവേദിതം' എന്നു പറയുന്ന ഭാഗത്തിലൂടെ എന്നെ ഗുരുവിന്റേതാക്കി മാറ്റുന്ന ഒരു കർമ്മത്തിലേക്ക് നയിച്ചു. കാരണം ഞാൻ കണ്ട ആ രൂപം ഈ പ്രകൃതി തന്നെയാണ്. ഈ പ്രകൃതിയിൽ എന്റെ ഗുരുവിന്റെ ആത്മസ്വരൂപം ഒരുപോലെ ഇണങ്ങി നിൽക്കുന്ന പ്രത്യക്ഷാവഹം ധർമമാണ്. ആ ധർമത്തിൽ നിന്ന് നിങ്ങൾ ഗുരുവിനെ കണ്ടവർ ഗുരുവിനെ ഒന്നോർത്തുനോക്കൂ.

ഗുരുവിന്റെ രൂപം, ഈ പ്രകൃതിയിലാകെ ആ ഒരൊറ്റ രൂപം നിങ്ങൾ ചിന്തിക്കൂ. ഗുരുവിന്റെ ഒരു വശത്തുനിന്നും ദേവീദേവൻമാർ കോടിക്കണക്കിനിറങ്ങി വരുന്നു. ഗുരുവിന്റെ കണ്ണിൽ നിന്നും അനവധി ഋഷീശ്വരൻമാർ ഇറങ്ങിവരുന്നു. ഗുരുവിന്റെ തുടയിൽ നിന്നും മഹർഷികൾ ഇറങ്ങിവരുന്നു. ഗുരുവിന്റെ ഓരോ ഭാഗത്തുനിന്നും ഏതെല്ലാം ജീവജാലങ്ങളുണ്ടോ ഈ പ്രകൃതിയിൽ ഇന്നു കാണുന്നത് മൊത്തവും തെളിഞ്ഞു വരുന്നു. സൃഷ്ടിസ്ഥിതിലയങ്ങളിലെ എല്ലാ സംഭവങ്ങളും പരിണാമവികാസങ്ങളും തന്റെ ഗുരുവിന്റെ പ്രത്യക്ഷരൂപത്തിൽ നിന്നും നിറഞ്ഞൊഴുകി വരുന്നതിനെ കനിവാർന്ന പ്രകാശത്തിൽ ഞാൻ കാണുന്നു. കണ്ടനുഭവിച്ചറിയുന്നു. അങ്ങനെ ഗുരുവിന്റെ ശിരസിൽ നിന്നും ഇന്നതുപോലുള്ള പ്രകാശം ഒഴുകിയിട്ട് ആ പ്രകാശത്തിൽ നിന്ന് ഇന്ന വസ്തു ഇന്നതായിത്തീരുന്നത് കാണുന്നു. അല്ലെങ്കിൽ ഋഷീശ്വരൻമാർക്ക് മോചനപ്രാപ്തിയോ മോക്ഷപ്രാപ്തിയോ കൊടുക്കുന്ന രീതിയിൽ കാണുന്നു. ഇതിൽ ശിഷ്യനെ ഏതെല്ലാം ഭാഗങ്ങളിൽ ഗുരുതന്നെ തന്നോടൊപ്പമാക്കിമാറ്റുന്നു എന്ന് അറിയാൻ കഴിയുന്നു.

ഏറ്റവും നിർണ്ണായകവും സുദീർഘവും അല്ലെങ്കിൽ തപശ്ചര്യയിൽ താനനുഭവിച്ചറിയുന്ന ഏറ്റവും സുഖകരവുമായ അത്, സുഖശാന്തി അല്ലെങ്കിൽ നിത്യസുഖസ്വരൂപം എന്നു പറയുന്ന ഭാഗം ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഗുരു തന്നെ ഏതെല്ലാം നീചവൃത്തിയിൽ സഞ്ചരിച്ചെന്നും ഏതെല്ലാം സുഖവൃത്തിയിൽ ഗുരു സഞ്ചരിച്ചെന്നും ഏതെല്ലാം കഷ്ടപ്പാടുകളിൽ വേലിക്കെട്ടിന്റെ പുറത്തേക്ക് ഗുരുവിനെ തള്ളിവിട്ടെന്നും ഒരു ജന്മത്തിൽ ഗുരു മനു ആയിരുന്നെന്നും ആ മനു ഏതെല്ലാം ഭാഗങ്ങളിൽ മനുവിന്റെ പരിവർത്തനവേഷങ്ങൾ അണിഞ്ഞിട്ടുണ്ടെന്നും മനസിലാക്കണം. ഗുരു ഏതു യുഗത്തിലാണ് ആ മനുവായി മാറിയത്? ഇതുവരെ വന്ന മന്വന്തരത്തിൽ തന്റെ ഗുരു ആരായിരുന്നെന്നും ആ ഗുരു ഏത് സ്വഭാവത്തിലേക്കാണ് ഈ ജീവകോടികളെ നയിക്കുന്നതെന്നും മനസിലാക്കണം. അങ്ങനെ ഗുരുവിന്റെ താപസ സ്വരൂപങ്ങൾ തന്നെ ഈ ഗുരുവിന്റെ ഒരു പൂർണകായരൂപത്തിൽ നിന്നും ഇറങ്ങിവരുമ്പോൾ ഒരു ചെറിയകുട്ടിയായിരിക്കുന്ന ശിഷ്യനെ സംബന്ധിച്ച് നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്ക്, ഗുരു ആരാണ്? അല്ലെങ്കിൽ ഗുരു എന്താണ്?

ഗുരു അനുഭവസാക്ഷിത്വമാണ്. ആ സാക്ഷിത്വം എന്റെ ഗുരു ഏതെല്ലാം മന്വന്തരങ്ങളിൽ ഏതെല്ലാം മനുവിനെ ദീർഘദർശിത്വസ്വഭാവത്തിൽ നിന്ന് തിരുത്തിക്കൊടുത്തെന്നും ആ മനു എന്റെ ഗുരുവിനെ എങ്ങനെ വണങ്ങിനിന്നെന്നും ആ മനുക്കൾക്കും മനുവായി എന്റെ ഗുരു എങ്ങനെ പ്രവർത്തിച്ചൊതുക്കിയെന്നും ആ തപശ്ചര്യയിൽ എന്റെ ഗുരു ഏതെല്ലാം സ്വഭാവത്തിൽ ഈ ജീവകോടികളോട് ഇണങ്ങിച്ചേർന്നെന്നും ആ ജീവകോടികൾ ഏതെല്ലാം സ്വഭാവത്തിൽ ഈ സൗരയൂഥങ്ങളിൽ ഒതുങ്ങിക്കൂടിയിരിക്കുന്നെന്നും കണ്ടറിയുന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)




*ശാന്തിമഹിമ ഗവേണിംങ് കമ്മിറ്റി യോഗം*

# സേഫ്റ്റി സ്റ്റാഫുകൾക്കു പരിശീലനം

**റിസർച്ച് സോൺ :** ശാന്തിഗിരി സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 7 ന് ബോധവൽക്കരണ ക്ലാസും പരിശീലനവും നടന്നു. സേഫ്റ്റി ഇൻചാർജ് സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി ക്ലാസ് ഉത്ഘാടനം ചെയ്തു. ഡെപ്യൂട്ടി മാനേജർ എൻ.ചന്ദ്രൻ പിള്ള, റിട്ടയേർഡ് സുബേദാർ കോർ ഓഫ് സിഗ്നൽ പി.റ്റി. സുഗതൻ എന്നിവർ ക്ലാസിന് നേതൃത്വം നല്കി. ദിഗ് വിജയം സതീശൻ സംസാരിച്ചു.



*ശാന്തിഗിരി സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ബോധവൽക്കരണ ക്ലാസിൽ നിന്ന്*

# ഡെങ്കിപ്പനി: കരുതലോടെയിരിക്കാം

മഴക്കാലമായതോടെ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ജാഗ്രത നിർദ്ദേശവുമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം. ഡെങ്കിപ്പനി മൂലമുള്ള മരണങ്ങളിൽ കേരളം ദേശീയതലത്തിൽ തന്നെ ഒന്നാമതാണ്. ഡെങ്കിപ്പനി ബാധിച്ചവരും അല്ലാത്തവരും ഒരുപോലെ മുൻകരുതലെടുക്കേണ്ടതുണ്ട്. ഒരുതവണ രോഗം ബാധിച്ചവർക്ക് വീണ്ടും രോഗം വന്നാൽ ഗുരുതരമായ അവസ്ഥയിലേക്കെത്തുമെന്നതിനാലാണ് മരണം ഇത്രയേറെ കൂടാനുള്ള പ്രധാന കാരണം. അതിനാൽ തന്നെ സാധാരണ ജനങ്ങളും ആരോഗ്യപ്രവർത്തകരുമെല്ലാം ഡെങ്കിപ്പനിക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

### എന്താണ് ഡെങ്കിപ്പനി ?

ഈഡിസ് ഈജിപ്റ്റി കൊതുകുകൾ പരത്തുന്ന ഡെങ്കു വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് ഡെങ്കിപ്പനി. നമ്മുടെ നാട്ടിൽ കാണപ്പെടുന്ന വരയൻ കൊതുകുകൾ അഥവാ പുലിക്കൊതുകുകളാണിവ. കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് ഇത്തരം കൊതുകുകൾ മുട്ടയിട്ടു വളരുന്നത്. പകൽസമയത്ത് മാത്രം മനുഷ്യരെ കടിക്കുന്ന സ്വഭാവക്കാരാണ് ഇവ. ഇടവിട്ടുള്ള പനി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏത് പനിയും പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ സ്വയം ചികിത്സിക്കാതെ തുടക്കത്തിൽ തന്നെ ഡോക്ടറുടെ സഹായം തേടേണ്ടതാണ്.

### ഡെങ്കിപ്പനി പകരുന്നതെങ്ങനെ

കാലാവസ്ഥാ വ്യതിയാനമാണ് കൊതുകുജന്യ രോഗമായ ഡെങ്കിപ്പനി ഇപ്പോഴും വിട്ടുമാറാത്തതിന്റെ പ്രധാനകാരണം. രോഗമുള്ള ഒരാളെ കടിക്കുമ്പോൾ വൈറസുകൾ കൊതുകിന്റെ ഉമിനീർ ഗ്രന്ഥിയിലെത്തുകയും പിന്നീട് ആരോഗ്യമുള്ള മറ്റൊരാളെ കടിക്കുമ്പോൾ ഉമിനീർ വഴി രക്തത്തിൽ കലർന്ന് രോഗമുണ്ടാക്കുകയും ചെയ്യുന്നു. കൊതുകുവഴി മാത്രമേ ഡെങ്കിപ്പനി ഒരാളിൽനിന്നും മറ്റൊരാളിലേക്ക് പകരുകയുള്ളൂ. നാല് തരത്തിലുള്ള വൈറസുകൾ ഉള്ളതു കാരണമാണ് ഒരിക്കൽ രോഗം വന്നിട്ടുള്ളവർക്ക് വീണ്ടും ഈ രോഗം വരുന്നത്.

### രോഗലക്ഷണങ്ങൾ

മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ സാധാരണ വൈറൽപ്പനിയിൽ നിന്ന് വ്യത്യസ്തമല്ലാത്തതിനാൽ പലപ്പോഴും ഡെങ്കിപ്പനി തിരിച്ചറിയാൻ വൈകുന്നു. പെട്ടെന്നുള്ള കനത്ത പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശിവേദന, വിശപ്പില്ലായ്മ, മനംപുരട്ടൽ, ഛർദ്ദി, ക്ഷീണം, തൊണ്ടവേദന, ചെറിയ ചുമ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഈ രോഗലക്ഷണങ്ങൾ എല്ലാം തന്നെ സാധാരണ പനിയോട് സാമ്യമുള്ളവയാണ്. അതിശക്തമായ നടുവേദന, കണ്ണിനുപുറകിൽ വേദന എന്നിവ ഡെങ്കിപ്പനിയുടെ പ്രത്യേകതയാണ്. നാലഞ്ചുദിവസത്തിനുള്ളിൽ ദേഹത്തങ്ങിങ്ങായി ചുവന്നു തിണർത്ത പാടുകൾ കാണാൻ സാധ്യതയുണ്ട്.

### കൗണ്ട് കുറയുന്നത് പ്രധാന കാരണം

രക്തത്തിലെ പ്ലേറ്റ്ലറ്റുകളുടെ അളവ് പെട്ടെന്ന് കുറഞ്ഞ് മരണത്തിലേക്ക് നീങ്ങും എന്നതാണ് ഡെങ്കിപ്പനിയുടെ ഏറ്റവും വലിയ പ്രത്യേകത. അതിനാൽ ആരംഭത്തിൽ തന്നെ ഡെങ്കിപ്പനിയാണെന്ന് കണ്ടുപിടിച്ച് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്. കടുത്ത രോഗമുള്ളവരിൽ (ഡെങ്കു ഷോക് സിൻഡ്രോം) രക്തത്തിലെ പ്ലേറ്റ്ലറ്റുകളുടെ എണ്ണത്തിൽ വരുന്ന കുറവുമൂലം മൂക്ക്, മലദ്വാരം തുടങ്ങിയവയിൽ നിന്ന് രക്തസ്രാവമുണ്ടാവുകയോ, ത്വക്കിനടിയിലും കണ്ണിനുള്ളിലും രക്തം കിനിഞ്ഞ് കട്ട പിടിക്കുകയോ ചെയ്യാം. (ഡെങ്കു ഹെമറാജിക് ഫീവർ). ഈ രണ്ട് പ്രത്യാഘാതങ്ങളും രോഗിയെ ഗുരുതരാവസ്ഥയിലെത്തിക്കുകയോ മരണത്തിലേക്ക് നയിക്കുകയോ ചെയ്യും.

### വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കുക

കൃത്യമായ ചികിത്സയില്ലാത്ത ഒരു രോഗമാണ് ഡെങ്കിപ്പനി. അതിനാൽ തന്നെ പ്രതിരോധ നടപടികൾക്ക് വളരെ പ്രാധാന്യമുണ്ട്. രോഗം പരത്തുന്ന കൊതുകുകളെ നിയന്ത്രിക്കുകയാണ് ഏറ്റവും പ്രധാനം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ പൂർണ്ണമായും ഒഴിവാക്കണം. വീടിനുചുറ്റുമുള്ള ചിരട്ട, ടിൻ തുടങ്ങിയ സാധനങ്ങളിൽ വെള്ളം കെട്ടിക്കിടക്കാതെ കമഴ്ത്തിയിടണം. വെള്ളം സൂക്ഷിക്കുന്ന സംഭരണികൾ എല്ലാം തന്നെ അടച്ചു വയ്ക്കണം. കിണറുകൾ ക്ലോറിനേറ്റു ചെയ്യണം. ഇതുമൂലം ഈഡിസ് കൊതുകിന്റെ പ്രജനനം പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയും.

### കൊതുകിനെ തുരത്താം ജീവൻ രക്ഷിക്കാം

കൊതുകിൽനിന്നും സംരക്ഷണം നേടുക എന്നതാണ് ഡെങ്കിപ്പനിയുടെ ഏറ്റവും വലിയ സംരക്ഷണ മാർഗ്ഗം. ഇക്കാര്യത്തിൽ ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ, കൂട്ടിരിപ്പുകാർ, ബന്ധുക്കൾ തുടങ്ങിയ എല്ലാവരും വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. ഡെങ്കിപ്പനി ബാധിച്ചയാളെ കൊതുകുവലയ്ക്കുള്ളിൽ മാത്രം കിടത്തുവാൻ ശ്രദ്ധിക്കുക. ഇതിലൂടെ ആ രോഗിയെ കടിക്കുന്ന കൊതുക് മറ്റുള്ളവരിലേക്ക് രോഗം വ്യാപിപ്പിക്കുന്നത് പൂർണ്ണമായും തടയാനാകും. കുട്ടികളെ നിർബന്ധമായും കൊതുകുവലയ്ക്കുള്ളിൽ തന്നെ കിടത്തണം.

### കൊതുകുകടിയിൽനിന്നും രക്ഷനേടാൻ

കൊതുകുവല ഉപയോഗിക്കുക. വീടിനു പുറത്തു കിടന്നുറങ്ങാതിരിക്കുക. കൈകളും കാലുകളും നന്നായി മൂടുന്ന വസ്ത്രം ധരിക്കുക. കൊതുകുതിരികൾ, തൊലിപ്പുറത്ത് പുരട്ടുന്ന ലേപനങ്ങൾ, ഈതൈൽ ടൊളുവാമൈഡ് കലർന്ന ക്രീമുകൾ എന്നിവയെല്ലാം കൊതുകു കടിയിൽ നിന്നും ഒരു പരിധിവരെ സംരക്ഷണം നൽകും.

### ധാരാളം വെള്ളം കുടിക്കുക

ചെറിയ പനി വന്നാൽ പോലും ഡെങ്കിപ്പനിയുടെ ലക്ഷണമെന്നു തോന്നിയാൽ ധാരാളം പാനീയങ്ങൾ കുടിക്കാൻ കൊടുക്കുക. പനി കുറയുന്നതിനുള്ള മരുന്ന് കൊടുത്തതിനുശേഷം എത്രയും പെട്ടെന്ന് ആശുപത്രിയിൽ വിദഗ്ധ ചികിത്സ നേടുക.



*ഉന്നതവിജയം നേടിയ ഗുരുകൃപന് ശാന്തിഗിരി ജംങ്ഷൻ യൂണിറ്റ് ഉപഹാരം നൽകുന്നു*



*സ്നേഹപുരം യൂണിറ്റിൽ രമണി സി. നിർമ്മിച്ച ഭവനത്തിന്റെ ഗൃഹപ്രവേശന ചടങ്ങ്*



*ലക്ഷ്മിപുരം യൂണിറ്റ് പ്രാർത്ഥനായോഗം*

## സ്റ്റിൽ ക്യാമറ/ വീഡിയോ

ശാന്തിഗിരി ജംഗ്ഷൻ : വിവാഹം, ഗൃഹപ്രവേശം, ശിലാസ്ഥാപനം, നൂലുകെട്ട്, കുഞ്ഞൂണ്, വിദ്യാരംഭം തുടങ്ങിയ മംഗളകർമ്മങ്ങളുടെ സ്റ്റിൽ ഫോട്ടോ/വീഡിയോ ഉത്തരവാദിത്തത്തോടുകൂടി എൻ എൻ കമ്മ്യൂണിക്കേഷനിൽ നിന്നും ചെയ്തു നൽകുന്നു. ഫോൺ : 8111882163

## തെങ്ങിൻതൈ വിതരണം

പിരപ്പൻകോട് : മാണിക്കൽ കൃഷിഭവനിൽ നിന്നും നല്ല ഇനം തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നു. 75 രൂപയാണ് ഒരു തെങ്ങിൻതൈയുടെ വില.



# ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം നടന്നു

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ജൂൺ 2 ഞായറാഴ്ച രാവിലെ 7.30ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയുടേയും ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനിയുടേയും മഹനീയ സാന്നിദ്ധ്യത്തിലാണ് പൊതുയോഗം സംഘടിപ്പിച്ചത്.

യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തിയ ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി ആദ്യ കാലഘട്ടങ്ങളിൽ ഗൃഹസ്ഥാശ്രമ സംഘം യോഗം ചേർന്നിരുന്നത് ഗുരുവിന്റെ ഹാളിൽ ആയിരുന്നു എന്ന് ഓർമ്മിപ്പിച്ചു. ചിറ്റേക്കാട്ട് രാജൻമാമൻ പായസം വെച്ച് തുടങ്ങിവച്ച ജയന്തി ആഘോഷം പിന്നീട് കദളിക്കാട്ട് ശ്രീധരമേനോന്റെ വീട്ടിൽ ജന്മജയന്തിക്ക് ചാക്കുവിരിച്ച് ഇരുന്നിട്ട് തൂശനിലയിൽ സാമ്പാറും ചോറും നൽകിയിരുന്ന കാലഘട്ടത്തിൽ നിന്നും ഇന്ന് കാണുന്ന ആഘോഷങ്ങളിലേക്കെത്തിയത് ഗുരുകാരുണ്യം ഒന്നുകൊണ്ടു മാത്രമാണ്. ഇതെല്ലാം നമുക്കും നമ്മുടെ തലമുറയ്ക്കും വേണ്ടിയാണെന്നുള്ള ഉത്തമബോദ്ധ്യം വേണമെന്നു പറഞ്ഞുകൊണ്ട് ജനനി തന്റെ വാക്കുകൾ ഉപസംഹരിച്ചു.

തുടർന്ന് മുഖ്യ പ്രഭാഷണം നടത്തിയ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഓരോ യൂണിറ്റിൽ നിന്നും മീറ്റിംഗിൽ പങ്കെടുക്കുന്നവരുടെ എണ്ണം കോ -ഓർഡിനേറ്റർമാർ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും മീറ്റിംഗിൽ പങ്കെടുക്കുക എന്നത് ഗുരുവിനോട് കാണിക്കുന്ന സമർപ്പണമാണെന്നും ഗുരുകല്പനപാലിക്കാൻ ഓരോ ആത്മബന്ധുവിനും പ്രതിബദ്ധതയുണ്ടെന്നും അറിയിച്ചു. ഓരോ ഗൃഹസ്ഥാശ്രമ സംഘം യൂണിറ്റിനേയും ഗുരുവിന്റേതാക്കി മാറ്റിയെടുക്കേണ്ടതുണ്ടെന്നും ഇവിടുത്തെ ഗൃഹസ്ഥാശ്രമസംഘം കുടുംബങ്ങളുടെ എണ്ണം 700ൽനിന്ന് 7000മായി ഉയർത്തിക്കൊണ്ടുവരണമെന്നും ആദരണീയ സ്വാമി പറഞ്ഞു. ഒരു നിമിഷം പോലും പാഴാക്കാതെ ഗൃഹസ്ഥാശ്രമ സംഘം പ്രവർത്തനങ്ങളോട് ചേർന്ന് നിന്ന് ലോകത്തുള്ള 700 കോടി ആളുകൾക്കും മാതൃകയായി മാറണമെന്നും പറഞ്ഞു. പ്രഭാഷണത്തിനു ശേഷം ഓരോ യൂണിറ്റുകളുടേയും പ്രവർത്തനാവലോകനം നടന്നു.



ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ നിന്ന്

ആനന്ദപുരം യൂണിറ്റിലെ മോഡികെയർ കമ്പനി പ്രവർത്തക ശ്രീമതി പ്രസന്നയ്ക്ക് പ്രവർത്തനമികവിന്റെ ഭാഗമായി മികച്ച പ്രവർത്തകയ്ക്കുള്ള സർട്ടിഫിക്കറ്റ് മോഡികെയർ മാനേജർ മോഹൻകുമാർ നൽകുകയുണ്ടായി. ഗവേണിംഗ് കമ്മിറ്റി അംഗങ്ങളായ പി.പി. ബാബു, ഗോപാലകൃഷ്ണൻ വി.എൻ. രാജീവ് എസ്., ഡോ. ഹേമലത പി.എ. എന്നിവർ സംസാരിച്ചു. സജീവൻ ഇ. സ്വാഗതവും ഉണ്ണികൃഷ്ണപ്രസാദ് ടി.കെ. കൃതജ്ഞതയും പറഞ്ഞു.

## സ്കൂൾ മാഗസിൻ 'സർവ്വസ്തുതി'-2017 പ്രകാശനം ചെയ്തു

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ മാഗസിൻ സർവ്വസ്തുതി - 2017 പ്രകാശനം ശാന്തിഗിരി ആശ്രമം എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് ഹെഡ് സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി ജൂലൈ 3ന് പിടിഎ പ്രസിഡന്റ് ടി.കെ ഉണ്ണികൃഷ്ണ പ്രസാദിന് നൽകിക്കൊണ്ട് നിർവഹിച്ചു. ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. 2017 - 18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്ലസ് വൺ വിദ്യാർത്ഥികളുടെ ക്ലാസും അന്ന് ആരംഭിക്കുകയുണ്ടായി.



സ്കൂൾ മാഗസിൻ പ്രകാശന ചടങ്ങ്

## "ഇതാണ് ലോകം' – ജനശ്രദ്ധ ആകർഷിക്കുന്നു

**തിരുവനന്തപുരം:** മംഗളം ചാനലിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിക്കുന്ന പ്രതിവാര വാർത്താധിഷ്ഠിത പരിപാടി 'ഇതാണ് ലോകം' ജനശ്രദ്ധ ആകർഷിക്കുന്നു. പകർച്ചപ്പനിയും പ്രതിരോധ പ്രവർത്തനങ്ങളെയും കുറിച്ചുള്ള എപ്പിസോഡിന്റെയും, ഹർത്താലിനെ അധികരിച്ചുള്ള ആദ്യ എപ്പിസോഡിന്റെയും വീഡിയോ ഫേസ് ബുക്ക് വഴി ഇതിനകം നാലു ലക്ഷം പേർ കാണുകയുണ്ടായി. 30 മിനിറ്റ് ദൈർഘ്യമുള്ള പരിപാടിയിൽ ഇന്നു രാത്രി 8.30 ന് നഴ്സുമാരെ സംബന്ധിച്ചുള്ള എപ്പിസോഡാണ് പ്രക്ഷേപണം ചെയ്യുന്നത്.




## മുറിവെണ്ണ ഓയിൻമെന്റ് പുറത്തിറങ്ങി

**ഹെൽത്ത്കെയർസോൺ :** ഉളുക്ക്, ചതവ്, ഒടിവ് തുടങ്ങി എല്ലാവിധ വേദനകൾക്കും ഉത്തമ ഔഷധമായ മുറിവെണ്ണ ഇനി ഓയിൻമെന്റ് രൂപത്തിലും ലഭ്യമാണ്. ആയുർവേദത്തിന്റെ വരദാനമായ മുറിവെണ്ണ പ്രകൃതിദത്തമായ തനിമ ചോരാതെയാണ് ശാന്തിഗിരി ആയുർവേദ സിദ്ധവൈദ്യശാല പുറത്തിറക്കിയിരിക്കുന്നത്.

## വിവാഹിതരായി



ശാന്തിഗിരി ആശ്രമം ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റ് ഇലക്ട്രിക്കൽ ഡിവിഷൻ ഡെപ്യൂട്ടി മാനേജർ കൊല്ലം മുണ്ടയ്ക്കൽ ശ്രീരാഗം ഭവനത്തിൽ ലൈലാമണിയുടെ മകൻ കണ്ണനും വെഞ്ഞാറമൂട് തൈക്കാട് കിണറ്റുവിളാകത്ത് വീട്ടിൽ പി.ജി. ശ്രീകുമാറിന്റെ മകൾ ഉമയും ജൂൺ 22 ന് വിവാഹിതരായി.


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala